# പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത**

**ചോദ്യം നമ്പർ :2572** 12.2.2020 -ൽ മറുപടിയ്ക്ക്

## പെരുന്തേനരുവി ടൂറിസം പദ്ധതി

| | ചോദ്യം<br>ശ്രീ.രാജു എബ്രഹാം | | മറുപടി<br>ശ്രീ. കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|---|---|
| എ) | 2018-ലെ മഹാപ്രളയത്തെത്തുടർന്ന് പെരുന്തേനരുവി ടൂറിസം പദ്ധതിയിൽ എന്തൊക്കെ നാശനഷ്ടങ്ങളാണ് ഉണ്ടായത്; എത്ര രൂപയുടെ നഷ്ടമാണ് കണക്കാക്കിയിട്ടുള്ളത്; വ്യക്തമാക്കാമോ; | എ) | സംസ്ഥാന നിർമ്മിതി കേന്ദ്ര മുഖേന നടപ്പിലാക്കിയ പെരുന്തേനരുവി ടൂറിസം പദ്ധതിയിൽ 2018 ലെ മഹാ പ്രളയത്തിൽ താഴെപ്പറയുന്ന ഘടകങ്ങൾക്ക് നാശനഷ്ടം സംഭവിച്ചിട്ടുണ്ട്.<br>1) ലാൻഡ്സ്കേപ്പിംഗിനായി അരുവിയോട് ചേർന്ന് ചെയ്തിരിക്കുന്ന ആർ. സി.സി റീട്ടെയിനിംഗ് വാൾ ഉം അതിന് മുകളിലായി ചെയ്തിരുന്ന വയർ മെഷ് ഉപയോഗിച്ചുള്ള ചുറ്റുവേലിയും<br>2) സീറ്റിംഗ് സ്ലാബിനായി ചെയ്തിരുന്ന പി.സി.സി<br>3) ഭൂമി ലെവൽ ചെയതിരുന്ന മണ്ണ് , ക്വാറി മക് എന്നിവ ഒഴുകിപ്പോയി.<br>4) സ്ട്രീറ്റ് ലൈറ്റ് -1, ലൈറ്റ് പോസ്റ്റ് & ഫിറ്റിംഗ്സ്-8 എണ്ണം, എൽ.ഇ.ഡി ഫ്ലഡ് ലൈറ്റ്-3 എണ്ണം<br>ഏജൻസി തയ്യാറാക്കിയ കണക്ക് പ്രകാരം ഈ പ്രവൃത്തിക്ക് 10,85,000/- രൂപയുടെ നാശനഷ്ടം ഉണ്ടായിട്ടുണ്ട്.<br>കേരള ഇലക്ട്രിക്കൽ & അലൈഡ് എൻജിനീയറിംഗ് കമ്പനി ലിമിറ്റഡ് മുഖേന നടപ്പിലാക്കിയ പദ്ധതിയുടെ പുഴയോരത്ത് ചെയ്തിരുന്ന ഇന്റർലോക്ക് കൊണ്ടുള്ള നടപ്പാത നഷ്ടപ്പെട്ട ഇനത്തിൽ ഏജൻസിയുടെ കണക്ക് പ്രകാരം 5 ലക്ഷം രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്. |
| ബി) | ഇവയുടെ പുനർനിർമ്മാണത്തിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; എന്നത്തേക്ക് ഇവ പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ; | ബി) | സംസ്ഥാന നിർമ്മിതി കേന്ദ്രം വഴി നടപ്പിലാക്കുന്ന പദ്ധതിയുടെ പുനരുദ്ധാരണത്തിന് പുതുക്കിയ ഭരണാനുമതി നൽകിയിട്ടുണ്ട്. 6 മാസം കൊണ്ട് പണി പൂർത്തീകരിക്കുന്നതാണ്. കെൽ(KEL) മുഖേന പുഴയോരത്ത് നിർമ്മിച്ച നടപ്പാത ഇനിയും നഷ്ടപ്പെടാൻ സാധ്യതയുള്ളതുകൊണ്ട് പുതുക്കിയ എസ്റ്റിമേറ്റ് പരിഗണിച്ചിട്ടില്ല. |

| | | | |
|---|---|---|---|
| സി) | പ്രസ്തുത പദ്ധതിയുടെ മൂന്നാംഘട്ട നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയും; ഇനിയും എന്തൊക്കെ നിർമ്മാണങ്ങളാണ് പൂർത്തിയാവാനുള്ളത്; വിശദമാക്കുമോ? | സി) | കെൽ(KEL) മുഖേന ചെയ്തു വരുന്ന പ്രവൃത്തികൾ 2020 മാർച്ചിൽ പൂർത്തിയാക്കാൻ നടപടി സ്വീകരിച്ചു വരുന്നു. എസി, ഫർണീച്ചർ സോളാർ ലൈറ്റ് , സ്റ്റീൽ റാമ്പ്, പ്രൊവിഷൻ ഓഫ് വാട്ടർ എന്നിവ ഇനിയും പൂർത്തിയാക്കാൻ ഉണ്ട്.<br>സംസ്ഥാന നിർമ്മിതി കേന്ദ്രം നടപ്പിലാക്കുന്ന പദ്ധതിയിൽ ലാൻഡ് സ്കേപ്പിംഗ്, പ്ലേ എക്യുപ്മെന്റ്സ്, ഇലക്ട്രിക്കൽ വർക്ക് , പാർക്കിംഗ് ഏരിയ എന്നിവ ഇനിയും പൂർത്തീകരിക്കാനുണ്ട്. |

സെക്ഷൻ ഓഫീസർ